പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4297 | 24/10/2016 -ൽ മറുപടിക്ക്

## പോഷകാഹാരക്കുറവ് പരിഹരിക്കാൻ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ.സി.കെ.നാണു**<br>**ശ്രീ.കോവൂർ കുഞ്ഞുമോൻ**<br>**ശ്രീ.കെ.ബി.ഗണേഷ് കുമാർ** | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്ത് പോഷകക്കുറവുമൂലം കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ എത്ര കുട്ടികൾ മരിക്കാനിടവന്നുവെന്നതിന്റെ വിവരങ്ങൾ ജില്ല, പഞ്ചായത്ത്, വർഷം, ആൺകുട്ടികൾ, പെൺകുട്ടികൾ എന്നീ ക്രമത്തിൽ നൽകുമോ; | എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് പോഷകാഹാരക്കുറവ് മൂലം മരണപ്പെട്ട കുട്ടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>**തിരുവനന്തപുരം - 1 ആൺകുട്ടിയും 2 പെൺകുട്ടികളും**<br>(പള്ളിക്കൽ ഗ്രാമപഞ്ചായത്ത് -1 ആൺകുട്ടി - 2014 ൽ<br>ഇലകമൺ ഗ്രാമപഞ്ചായത്ത് -1 പെൺകുട്ടി - 2015 ൽ<br>മാറനല്ലൂർ ഗ്രാമപഞ്ചായത്ത് - 1 പെൺകുട്ടി - 2016 ൽ)<br>**കോഴിക്കോട് - 1 ആൺകുട്ടി**<br>(കോഴിക്കോട് കോർപ്പറേഷൻ - 1 ആൺകുട്ടി - 2015 ൽ)<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് പോഷകാഹാരക്കുറവ് മൂലം മരണപ്പെട്ട കുട്ടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 1 പെൺകുട്ടി<br>വയനാട് - 1 പെൺകുട്ടി<br>കണ്ണൂർ - 1 ആൺകുട്ടി<br>കോഴിക്കോട് - 1 ആൺകുട്ടി |
| ബി) പോഷകാഹാരക്കുറവ് പരിഹരിക്കാൻ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാരിന്റേതായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) **ആരോഗ്യ വകുപ്പ് :-**<br>അമ്മമാർക്ക് ഗർഭകാല പരിചരണവും കുഞ്ഞുങ്ങൾക്ക് വേണ്ട ഫീൽഡ് പരിശോധനകളും പരിചരണവും ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വേണ്ട സേവനങ്ങളും പ്രത്യേക ശ്രദ്ധ നൽകി നടപ്പിലാക്കി വരുന്നുണ്ട്. അധികമായി 28 ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരെക്കൂടി ആരോഗ്യ മിഷൻ വഴി നിയമിച്ച് ഫീൽഡ്തല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി ഗർഭിണിക- |

ൾക്കും, അമ്മമാർക്കും, കുഞ്ഞുങ്ങൾക്കും അയൺ ഫോളിക് ആസിഡ് വിതരണം, പ്രതിരോധ കുത്തിവെയ്പ്പുകൾ, കുഞ്ഞുങ്ങൾക്കുള്ള വൈറ്റമിൻ എ നൽകൽ എന്നിവ കാര്യക്ഷമമായി നൽകി വരുന്നു. ഗുരുതരമായ പോഷക കുറവുള്ള കുട്ടികളുടെ പരിചരണത്തിനായി 3 ന്യൂട്രിഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ, സി.എച്ച്.സി അഗളി, പി.എച്ച്.സി പുതൂർ, ഷോളയൂർ എന്നിവിടങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഇവിടെ പരിചരണം നൽകിയ കുട്ടികളുടെ തുടർപരിചര-ണവും ചെറിയ പോഷകകുറവുള്ളവരുടെ പോഷണ പരിചരണവും നിരീക്ഷണവും ഫീൽഡ് തലത്തിൽ അങ്കൺവാടികളുമായി ചേർന്ന് ആരോഗ്യ പ്രവർത്തകർ ചെയ്തുവരുന്നുണ്ട്.

വിവിധ ന്യൂട്രീഷ്യൻ പ്രവർത്തനങ്ങളോടുകൂടിയ പോഷകാഹാര ബോധവൽക്കരണ പരിപാടി-കളാണ് നടത്തിവരുന്നത്. അതിനായി വേണ്ട പരിശീലന ക്ലാസ്സുകൾ, ശില്പശാലകൾ, സെമിനാറുകൾ, ന്യൂട്രീഷ്യൻ എക്സിബിഷനുകൾ, ഡെമോൺസ്ട്രേഷൻ ക്ലാസ്സുകൾ, ഐ.ഇ.സി മെറ്റീരിയൽസ് വിതരണം ചെയ്യുന്നതിലൂടെയുള്ള ബോധവൽക്കരണം ഇവ നടത്തിവരുന്നു.

**സാമൂഹ്യ നീതി വകുപ്പ് :-**

സംസ്ഥാനത്തെ 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അനുപൂരക പോഷകാ-ഹാര പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് കുടുംബശ്രീ മിഷൻ തയ്യാറാക്കുന്ന അമൃതം ന്യൂട്രിമിക്സ് ആണ് നൽകിവരുന്നത്. 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള അങ്കണ-വാടികളിൽ എത്തുന്ന കുട്ടികൾക്ക് Morning Snack, Noon Feeding, General Feeding എന്നിവയും ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നീ വിഭാഗങ്ങൾക്ക് General Feeding ഉം നൽകി വരുന്നുണ്ട്. അങ്കണവാടികളിൽ ഗ്രോത്ത് മോണിറ്ററിംങ് നടത്തുകയും റഫറൽ സർവ്വീസും ചെയ്തുവരുന്നുണ്ട്.

അട്ടപ്പാടി മേഖലയിലെ 5 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികളുടെ പോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിന് UNICEF ന്റെ സഹായ-ത്തോടുകൂടി Community Management of Acute

| | | |
|---|---|---|
| | | Malnutrition (CMAM) പദ്ധതി നടപ്പിലാക്കി വരുന്നു. ഇതു പ്രകാരം SAM വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പോഷക നിലവാരവും ആരോഗ്യവും മെച്ചപ്പെടുത്തുന്നതിന് Energy Dence Special Food (EDSF) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി വാങ്ങി Nutrition Rehabilitation Centre ന്റെ മേൽനോട്ടത്തിൽ അട്ടപ്പാടിയിൽ നൽകിവരുന്നു. കൂടാതെ മാസത്തിലൊരിക്കൽ പ്രതിരോധ കുത്തിവെയ്പ്പ് ആരോഗ്യ വകുപ്പുമായി സംയോജിപ്പിച്ച് അംങ്കണവാടി സെന്ററുകളിൽ വച്ച് നടത്തുന്നു.<br>അട്ടപ്പാടി മേഖലയിലെ 175 അങ്കണവാടി സെന്ററുകളുടെ പരിധിയിൽ വരുന്ന 187 ഊരുകളിൽ അന്നപ്രദായിനി എന്ന പേരിൽ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതിയിലൂടെ അങ്കണവാടി ഗുണഭോക്താക്കളെ കൂടാതെ പ്രായമായവർക്കും കൗമാര പ്രായക്കാ-രായ പെൺകുട്ടികൾക്കും പാകം ചെയ്ത ഭക്ഷണം നൽകിവരുന്നുണ്ട്. ടി മേഖലയിലെ പോഷകാ-ഹാര കുറവ് പരിഹരിക്കുന്നതിനായിട്ടാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇപ്പോൾ ഇത് കുടുംബശ്രീയ്ക്ക് കൈമാറിയിട്ടുണ്ട്.<br>**ഭാരതീയ ചികിത്സാ വകുപ്പ്:-**<br>പോഷകാഹാര കുറവ് പരിഹരിക്കുന്നതിനും ഗർഭിണി സംരക്ഷണത്തിനും. ശിശുമരണ നിരക്ക് കുറക്കുന്നതിനും അട്ടപ്പാടി മേഖലയിൽ ക്ഷേമജനനി എന്ന പദ്ധതി അഗളി. ഷോളയൂർ എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് 2014-15 സാമ്പത്തിക വർഷം മുതലും. പുതൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് 2015-16 സാമ്പത്തിക വർഷം മുതലും നടപ്പിലാക്കിവരുന്നു. |
| സി) | ഈ കാര്യത്തിൽ കേന്ദ്രസർക്കാർ, എൻ.ആർ.എച്ച്.എം, എൻ.എച്ച്.എം, ആയുഷ്, ഹ്യൂമൻ ആന്റ് ചൈൽഡ് വെൽഫെയർ ഡിപ്പാർട്ട്മെന്റ് എന്നിവ വഴി എന്തൊക്കെ സഹായങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത് എന്ന് വിശദമാക്കാമോ; | സി) **ആരോഗ്യ വകുപ്പ്:-** ആരോഗ്യ കേരളം പദ്ധതിയുടെ വിവിധ പദ്ധതികൾ വഴി വൈദ്യ-സഹായം നൽകുന്നുണ്ട്. കൂടാതെ വയനാട്ടിലെ പുൽപ്പള്ളി, നൂൽപ്പുഴ, തിരുനെല്ലി, മുറെപ്പനാട് എന്നീ പഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽപ്പെട്ട കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലൂടെ ആദിവാസികളായ ഗർഭി-ണികൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും 2012 ആഗസ്റ്റ് മാസം മുതൽ പാചകം ചെയ്ത പോഷകാഹാരം ആഴ്ചയിൽ ഒരു ദിവസം വീതം 2015 വരെ വിതരണം ചെയ്തു വന്നിരുന്നു. |

| | |
|---|---|
| | **ഭാരതീയ ചികിത്സാ വകുപ്പ്:-** ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ 7 ലക്ഷം രൂപ പ്ലാൻ മുഖേന **ക്ഷേമജനനി** എന്ന പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. |
| ഡി) ഇതിന് ലഭ്യമാകുന്ന ഫണ്ട് കാര്യക്ഷമമായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറി വരെ കൃത്യമായ നിരീക്ഷണത്തിന് വേണ്ടി എല്ലാ കുട്ടികൾക്കും ഹെൽത്ത് കാർഡ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഡി) ആരോഗ്യ വകുപ്പ് ഈ പദ്ധതിക്കായി വയനാട് ജില്ലയിൽ 2012-13 ൽ 70 ലക്ഷവും 2013-14-ൽ 70 ലക്ഷവും 2014-15-ൽ 69.87 ലക്ഷവും അനുവദിച്ച് നൽകിയിരുന്നു. ഈ ഫണ്ട് യഥാക്രമം ചെലവഴിച്ചിട്ടുണ്ട്. ഹെൽത്ത് കാർഡു നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ